## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6072** **09-07-2024 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി ഭേദഗതി ചട്ടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ സംസ്ഥാനത്തെ ഏതൊക്കെ രീതിയിൽ ദോഷകരമായി ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | വൈദ്യുതി മേഖലയെ നിയന്ത്രിക്കുന്ന ഇന്ത്യയിലെ ഒരു പ്രധാന നിയമമാണ് ഇലക്ട്രിസിറ്റി ആക്ട്, 2003. ഈ മേഖലയിൽ മത്സരം ആരംഭിക്കുകയും തദ്വാര വൈദ്യുതി വ്യവസായത്തിന്റെ കാര്യക്ഷമമായ വികസനം പ്രോത്സാഹിപ്പിക്കുകയും ഉപഭോക്താക്കൾക്ക് ചെലവ് കുറഞ്ഞതും ഗുണനിലവാരമുള്ളതുമായ സേവനം ലഭ്യമാക്കുക വഴി ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു പ്രസ്തുത നിയമത്തിന്റെ പ്രഖ്യാപിതലക്ഷ്യം.<br><br>ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതി മേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി ഭേദഗതി നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന് മുൻപായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും സമവായത്തിലെത്തുവാനും കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായാണ് പല ഭേദഗതികളും നടപ്പിലാക്കുന്നത്. നിയമത്തിന്റെ ഭേദഗതി നിർദ്ദേശങ്ങളും നടപ്പിൽ വരുത്തിയ ചട്ടങ്ങളിൽ പലതും പ്രഖ്യാപിത ലക്ഷ്യം സ്വകാര്യ മേഖലകൾക്ക് കടന്നുവരുന്നതിനും അവർക്ക് ലാഭം ഉറപ്പുവരുത്തുവാനും ലക്ഷ്യമിട്ട് ആയിരുന്നു എന്ന് സർക്കാർ വിലയിരുത്തുന്നു.<br><br>ഉദാഹരണമായി, 29.12.2022-ന് നടപ്പിലാക്കിയ ഇലക്ട്രിസിറ്റി (അമെൻഡ്മെന്റ്) റൂൾസ്, 2022 ഭേദഗതിയിലൂടെ ഇന്ധന വിലയിൽ ഉണ്ടാകുന്ന മാറ്റം, വൈദ്യുതി വാങ്ങൽ ചെലവിൽ ഉണ്ടാകുന്ന വ്യതിയാനം, എന്നിവ ഉപഭോക്താവിന്റെ വൈദ്യുതി ബില്ലിൽ നിന്നും മുൻകൂർ അനുമതി കൂടാതെ, ചില |

| | | | |
|---|---|---|---|
| | | | സമവാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഈടാക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത് സംസ്ഥാന സർക്കാരിന്റെ എതിർപ്പ് പരിഗണിക്കാതെ ആയിരുന്നു. പ്രസ്തുത ഭേദഗതി പ്രകാരം ഇത്തരം ചെലവുകൾ ഓട്ടോമാറ്റിക്ക് ആയി ഈടാക്കാൻ സാധിക്കുന്നത് ഈ മേഖലയിലേയ്ക്ക് കടന്നുവരാൻ ശ്രമിക്കുന്ന സ്വകാര്യ കമ്പനികൾക്ക് അനുകൂല അന്തരീക്ഷം സൃഷ്ടിക്കുവാൻ ആണ് എന്ന് സംസ്ഥാന സർക്കാർ കരുതുന്നു.<br><br>അതുപോലെ, കേന്ദ്ര വൈദ്യുതി നിയമം 2003 വരുന്നതിനുമുമ്പ് നിലനിന്നിരുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ലഭിച്ചിരുന്നവർക്ക് ഡീമ്ഡ് ലൈസൻസി ആയി തുടരാം എന്ന് നിയമം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി റൂൾസ് 2005ൽ ഭേദഗതി വരുത്തി കേന്ദ്രമന്ത്രാലയം 30.06.2023നു പുറപ്പെടുവിച്ച ഇലക്ട്രിസിറ്റി (അമെൻഡ്മെന്റ്) റൂൾസ് 2023 പ്രകാരം ലൈസൻസിംഗ് കാലയളവ് ആക്ട് നടപ്പിലാക്കിയ തീയതി മുതൽ 25 വർഷം പരിധി നിശ്ചയിച്ചിരിക്കുന്നു.<br><br>ഈ ഭേദഗതി നടപ്പാക്കിയതോടുകൂടി കെ.എസ്.ഇ.ബി.യുടെ ലൈസൻസിംഗ് കാലാവധി 2028 ന് അവസാനിക്കും കാലാവധിക്ക് ശേഷം ലൈസൻസ് പുതുക്കി നൽകുവാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ സമീപിക്കേണ്ടതുണ്ട്. കമ്മീഷൻ മൂലധന പര്യാപ്തത, ക്രെഡിറ്റ് യോഗ്യത, പെരുമാറ്റ ചട്ടം എന്നിവയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകും. ഇതിൽ ഏതെങ്കിലും ഘടകം കമ്മീഷന് തൃപ്തികരമായില്ലെങ്കിൽ ലൈസൻസ് നഷ്ടപ്പെടുന്നതിനുള്ള സാഹചര്യം രൂപപ്പെടും. നിയമ ഭേദഗതി വഴി റെഗുലേറ്ററി കമ്മീഷനുകളുടെ നിയമനം പോലും കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ, രാജ്യത്തെ വൈദ്യുതി മേഖലയ്ക്ക് മാതൃകയായ കെ.എസ്.ഇ.ബി-യുടെ സുഗമമായ പ്രവർത്തനങ്ങൾക്കും തടസ്സം ആയേക്കാം. |

സെക്ഷൻ ഓഫീസർ